**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5091** **14-03-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുള്ള ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം ഒരു വർഷമായി മുടങ്ങിയിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഓണറേറിയം കൃത്യസമയത്ത് സർക്കാർ നൽകാത്തതാണോ വേതനം മുടങ്ങാനുള്ള കാരണം എന്ന് വ്യക്തമാക്കാമോ; | (ബി) | സ്പെഷ്യൽ സ്കൂളുകളിൽ നിന്നും സ്പെഷ്യൽ സ്കൂൾ പാക്കേജിനായി ലഭ്യമാകുന്ന അപേക്ഷകൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സൂക്ഷ്മ പരിശോധന നടത്തിയാണ് സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്കുള്ള ഓണറേറിയം നൽകി വരുന്നത്. കഴിഞ്ഞ വർഷത്തെ വേതനം 2022 മാർച്ച് മാസം നൽകിയിട്ടുണ്ട്. ഈ വർഷത്തെ വേതനം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഓണറേറിയം കൃത്യസമയത്ത് നല്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്പെഷ്യൽ സ്കൂളുകളിൽ നിന്നും സ്പെഷ്യൽ സ്കൂൾ പാക്കേജിനായി ലഭ്യമാകുന്ന അപേക്ഷകൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സൂക്ഷ്മ പരിശോധന നടത്തിയാണ് സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്കുള്ള ഓണറേറിയം നൽകി വരുന്നത്. കഴിഞ്ഞ വർഷത്തെ വേതനം 2022 മാർച്ച് മാസം നൽകിയിട്ടുണ്ട്. ഈ വർഷത്തെ വേതനം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ